By FAX

# കേരള സർക്കാർ

## ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ-13) വകുപ്പ്

നം.7289/എ.ആർ13(2)/16/ഉഭപവ തീയതി, തിരുവനന്തപുരം 22.02.2018

**സർക്കുലർ**

വിഷയം:- സർക്കാർ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ, സാക്ഷ്യപ്പെടുത്തിയ/പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐ.ഡിയും ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം - സംബന്ധിച്ച്

സൂചന:- 1. 02.03.2013-ലെ 19069/എ.ആർ 13(2)/12/ഉഭപവ നമ്പർ സർക്കുലർ
2. 09.10.2015-ലെ 18216/എ.ആർ 13(2)/15/ഉഭപവ നമ്പർ സർക്കുലർ

സൂചന (1) -ലെ സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പിൻകോഡ് ഉൾപ്പെടുത്തിയുള്ള മുഴുവൻ മേൽവിലാസവും കത്തിലും കവറിലും രേഖപ്പെടുത്തേണ്ടതാണെന്നും മറുപടി കത്തുകളിൽ പരാതിക്കാരന്റെ കത്തിന്റെ തീയതി കൂടി പരാമർശത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സൂചന (2)-ലെ സർക്കുലറിലൂടെ സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ, അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ എന്നിവ കൂടി ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു.

മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷന്മാർ ശിക്ഷാ നടപടി കൈക്കൊള്ളണമെന്നും നിർദ്ദേശിക്കുന്നു.

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം ഉൾപ്പടെ)
മുഖ്യമന്ത്രിമാരുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ വകുപ്പ് മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ളിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം *(അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)*

ഉത്തരവിൻ പ്രകാരം

Deepa

സെക്ഷൻ ഓഫീസർ